# ജാ ല കം

# E- MAGAZINE




## ഗവ. എച്ച് എസ്സ് വെസ്റ്റ്കല്ലട

Little kites - 2018

# Table of Contents


ലിറ്റിൽ കൈറ്റ്സ് ഗവ. എച്ച് എസ്സ് എസ്സ് വെസ്റ്റ്കല്ലട – 2018 34 ..... 1

താളുകളിലൂടെ ..... 3

രാഷ്ട്രപിതാവ് ..... 4

..... 5

സന്ദേശം ..... 5

വിവരസാങ്കേതികവിദ്യയും ..... 6

യുവതലമുറയും ..... 6

തടാകം ..... 9

പ്രവേശനോത്സവം ..... 10

പുകയില ഉൽപന്നങ്ങളുടെ ഉപയോഗവും അതിൻറെ ദൂഷ്യഫലങ്ങളും ..... 11

CLUB CONVENERS ..... 14

പുതിയ കാഴ്ചകൾ ..... 16

മരണംമായ് തീരുന്നു ..... 16

പഴഞ്ചൊല്ലുകൾ ..... 18

OUR TEACHING STAFF ..... 21

ആസ്വാദനത്തിലെ വൈവിധ്യം ..... 22

NON TEACHING STAFF ..... 23

അനാഥ ബാലിക ..... 24

നിറക്കൂട്ട് ..... 26

കടങ്കഥ ..... 28

പരിസ്ഥിതി ക്ലബ്ബ് ഉസ്ഘാടനം ..... 30

സ്വാതന്ത്രദിനാഘോഷം ..... 31

SPC STUDENTS ..... 32

MY WORLD ..... 33

കലോത്സവങ്ങളിലൂടെ ..... 34

ലിറ്റിൽ കൈറ്റ്സ് സ്റ്റുഡന്റ്സ് ..... 35

സമർപ്പണം ..... 36

# താളുകളിലൂടെ

*ചീഫ് എഡിറ്റർ :*

*സണ്ണി പി ഒ (ഹെഡ്മാസ്റ്റർ)*

*സ്റ്റുഡന്റ് എഡിറ്റർ :*

*അമൃത ബി പ്രസാദ്*

*സ്റ്റാഫ് എഡിറ്റർ :*

*ഐറിൻ ഡി ജോൺ*


## *പത്രാധിപ സമതി അംഗങ്ങൾ*

1. *ശെൽവരാജൻ എസ്സ് (ഫിസിക്കൽ എഡ്യൂക്കേഷൻ)*
2. *ഗീത എൻ (എച്ച് എസ്സ് എ ഹിന്ദി)*
3. *നിവേദിത എൻ (9B)*

## കവർ പേജ് ഡിസൈനിംഗ് :

**ലിറ്റിൽ കൈറ്റ് സ്റ്റുഡന്റ്സ്**

# രാഷ്ട്രപിതാവ്



# സന്ദേശം



വെസ്റ്റ് കല്ലട ഗവൺമെൻറ് ഹയർസെക്കൻററി സ്കൂളിലെ കുഞ്ഞുഹൃദയങ്ങളിൽ ഉരുത്തിരിഞ്ഞ സർഗ്ഗസൃഷ്ടികൾ ഡിജിറ്റൽ രൂപത്തിൽ ഇവിടെ അവതരിക്കുകയാണ്. ആധുനിക ലോകത്തിലെ ഇലക്ട്രോണിക് സാധ്യതകളെ ഉൾക്കൊണ്ട് മലയാള സാഹിത്യ രചനകൾ ഉടലെടുക്കുന്നതിനും ചിന്തോ ദീപങ്ങളായ ആശയങ്ങളെ പ്രദിധ്വനിപ്പിക്കുന്ന വർണ്ണാഭമായ ചിത്രങ്ങൾ രൂപപ്പെടുന്നതിനും നമ്മുടെ സ്കൂളിലെ ഇ - മാഗസീനിൽ അവസരം ഒരുങ്ങിയിരിക്കുന്നു. വിരൽത്തുമ്പുകൊണ്ട് വിശാലമായ ലോകത്തെ കയ്യിലൊതുക്കിയ പുത്തൻ തലമുറയ്ക്ക് മാർഗ്ഗദീപമേകുവാൻ നമ്മുടെ കുഞ്ഞു പ്രതിഭകളുടെ ഡിജിറ്റൽ വിഭവങ്ങൾ കളമൊരുക്കട്ടെ എന്ന് ആശംസിക്കുന്നു.

സണ്ണി പി ഒ
ഹെഡ്മാസ്റ്റർ

## വിവരസാങ്കേതികവിദ്യയും

## യുവതലമുറയും



നമ്മുടെ ലോകത്തിൽ ഏറ്റവും കൂടുതൽ ആളുകൾ ആശ്രയിക്കുന്നത് വിവര സാങ്കേതിക വിദ്യയാണ്. മനുഷ്യന് ജീവിയ്ക്കാൻ അടിസ്ഥാന ഘടകമാണ് ജലം, വായു, അഹാരം എന്നിവ.

എന്നാൽ ഇന്ന് അവയുടെ കൂട്ടത്തിൽ ഒന്നുകൂടി ഉൾപ്പെടുത്തേണ്ടിയിരിയ്ക്കുന്നു. അതായത് വിവരവ സാങ്കേതിക വിദ്യ എന്ന ഓമനപ്പേരിൽ വിളിയ്ക്കുന്ന ഇന്റർനെറ്റ്, ഫെയ്സ്ബുക്ക് മൊബൈൽഫോൺ, വാട്സ്ആപ് പോലെയുള്ളവ ഇന്നത്തെ തലമുറയ്ക്ക് ഒഴിച്ച് കൂടാൻ പറ്റാത്തതാണ്. അത് ശരിയുമാണ്. എന്തെന്നാൽ നമുക്ക് അറിയോൻ കഴിയാത്ത എന്ത് കാര്യവും ഇന്റർനെറ്റിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിയ്ക്കും.

ഇന്ന് നമ്മുടെ സമൂഹത്തിൽ വ്വവരസാങ്കേതികവിദ്യ കൂടുതൽ ഉപയോഗിക്കുന്നത് ആൺകുട്ടികളാണ്. പലരിൽ നിന്നും ഇന്റർനെറ്റിനെക്കുറിച്ച്കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്യുന്നു. പഠനാവശ്യത്തിനായി ഉപയോഗിക്കാൻ തുടങ്ങുന്നതുകൊണ്ട് മാതാപിതാക്കൾ ഇന്റർനെറ്റ് ഉപയോഗിയ്ക്കുന്നതിന് അനുവാദം നൽകുന്നു. എന്നാൽ ഇതിന്റെ ഉപയോഗം കുട്ടികളെ തെറ്റായ ദിശയിലെക്ക് നയിയ്ക്കുന്നു.

ഇപ്പോൾ സമൂഹ മാധ്യമത്തിൽ സംസാരവിഷയമായ ഒന്നാണ് ഠഠ ബ്ളൂവെയിൽ എന്ന ഗെയിം. അന്യരാജ്യങ്ങളിൽമാത്രം നിലനിന്നിരുന്ന ഇവ ഇപ്പോൾ നമ്മുടെ മാതൃരാജ്യമായ ഇന്ത്യയിലേക്കെത്തിയിരിയ്ക്കുന്നു എന്ന വിവരം കേട്ടപ്പോൾ അത്ഭുതപ്പെട്ടു. നമ്മുടെ രാജ്യത്തിൽ ആദ്യമേ ഗെയിമിന് അടിമ മരണപ്പെട്ടത് മധ്യപ്രദേശിലെ മന്ത്രിയെന്ന 15 വയസ്സുകാരൻ ആണെന്ന സത്യം അറിഞ്ഞപ്പോൾ എല്ലാവർക്കും അത്ഭുതം തോന്നി. അതിനുശേഷം 50 ദിവസങ്ങൾക്കുള്ളിൽ

നമ്മളെ ഇല്ലാതാക്കുന്ന "കൊലയാളി മത്സ്യം"എന്ന ഗെയിം ദൈവത്തിൻറെ സ്വന്തം നാടായ കേരളത്തിലും എത്തിയിരിക്കുന്നു.

ഓരോ ദിനം കഴിയുന്തോറും ഇതിലൂടെ മരണപ്പെടുന്നവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ് എന്നത് ഭീതിയുളവാക്കുന്ന ഒരു സത്യമാണ്. ഇൻറർനെറ്റ് പോലെയുള്ള വിവരസാങ്കേതികവിദ്യയുടെ ദൂഷ്യഫലങ്ങൾ കാരണം വിഷമിക്കുന്ന ഒരുപാട് മാതാപിതാക്കൾ നമ്മുടെ ചുറ്റിലുമുണ്ട്. ഇവരുടെ കാര്യം നമ്മൾ ആലോചിക്കുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. ഓരോ

മാതാപിതാക്കൾക്കും തങ്ങളുടെ കുട്ടികളെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടായിരിക്കണം. അതുകൊണ്ട് ഓരോ മാതാപിതാക്കൾക്കും തങ്ങളുടെ കുട്ടികളുടെ മേൽ ഒരു ശ്രദ്ധയുണ്ടായിരിക്കണം.

ശ്രീകുട്ടി

IX B

# തടാകം

ഒഴുകി തുടങ്ങാൻ തുടിക്കുകയാണ്
ജലമർമ്മരം പെയ്യുന്ന നീർ തടാകം
അലകൾ അങ്ങോളം നൃത്തം ചവിട്ടുന്ന
സ്വപ്നങ്ങൾ ഉണരുന്ന പുണ്യതീരം

കുളിർ കാറ്റ് വീശി തഴുകി അകലുമ്പോൾ
ഉണരുന്നു പുലരിതൻ പിഞ്ചോമന
പൂവിൻറെ ഹൃദയം നറു ജീവനേകുന്ന
സൗരഭ്യം സൂതമീ പൊൻ തടാകം

പൂമരം പൂക്കൾ പൊഴിച്ചുകൊണ്ട് വിധം
പൂഞ്ചോല തീർക്കുമീ നിറ വേളയിൽ
ഉയിരെടുക്കുന്ന പൂങ്കാവനം തിങ്കൾ
നെഞ്ചോടു ചേർക്കും ഈ നീരുറവയും

പ്രപഞ്ചം പുണ്യ പ്രകാശ സിരകളിൽ
തുടിക്കുന്ന സൂര്യൻറെ മാറിൽനിന്നും
തളിരണിഞ്ഞൊരു കയാണ് അങ്ങോളം
നീളുന്ന ഭൂമിതൻ കരളിലെ ബാഷ്പ നാളം

ഒന്നല്ല ഒരായിരം ഉദാത്തഭാവങ്ങളിൽ
ഉതകാത്ത നന്മയാണ തടാകം
കരയോരം തണവാർന്ന ക്ഷണനേരം ഇരിക്കുമ്പോൾ
കനലായി വിരിയുമെൻ മോഹങ്ങളും.

ദീപിക ബി, **IX B**

# പ്രവേശനോത്സവം

പ്രവേശനോത്സവദിവസം തന്നെ 201 – 2018 വാർഷത്തിൽ  മികച്ച വിജയം കൈവരിച്ച കുട്ടികളെ അദരിച്ചു.









## പുകയില ഉൽപന്നങ്ങളുടെ ഉപയോഗവും അതിൻറെ ദൂഷ്യഫലങ്ങളും.

ഇന്നത്തെ സമൂഹത്തിൽ കണ്ടുവരുന്ന ഏറ്റവും വലിയ ഒരു വിപത്താണ് പുകയില ഉൽപന്നങ്ങളുടെയും മറ്റും മാരകമായ ലഹരിവസ്തുക്കളുടെയും ഉപയോഗം. വരുംതലമുറകളെ വളരെ വലിയ രീതിയിൽ ഇത്തരത്തിലുള്ള മാരക വിഷങ്ങളുടെ ഉപഭോഗം ബാധിക്കുമെന്നതിൽ സംശയമില്ല. ഭാരതം ശാസ്ത്രീയമായി നിരവധി തരത്തിൽ വളർന്നിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള വളർച്ചകളെ അട്ടിമറിച്ച് ഭാരതത്തിനു മുന്നേറ്റം തടസ്സപ്പെടുത്താൻ തക്കവിധം ഹാനികരമാണ് പുകയില ഉത്പന്നങ്ങൾ.

മനുഷ്യ ശരീരത്തിലെ മുഴുവൻ അവയവങ്ങളെയും അതിൻറെ ശാരീരിക പ്രവർത്തനങ്ങളെയും നശിപ്പിക്കാൻ കഴിയുന്നത്ര മാരകമായ ഇതിന്റെ ഉപയോഗം ഇന്ന് നമ്മുടെ ഈ കൊച്ചു കേരളത്തിൽ തന്നെ അളവ് കവിഞ്ഞിരിക്കുകയാണ്. അമിതമായ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം നിമിത്തം ക്യാൻസർ പോലെയുള്ള മാരകമായ രോഗങ്ങൾ ഉണ്ടാകുന്നു. മാത്രമല്ല ഇവയുടെ ഉപഭോഗ ഫലമായി ശ്വാസകോശം, ഹൃദയം, കരൾ, കിഡ്നി തുടങ്ങിയ മനുഷ്യശരീരത്തിലെ അടിസ്ഥാന അവയവങ്ങൾക്ക് തകരാർ സംഭവിക്കുന്നു. ആരോഗ്യകരമായ ഒരു സമൂഹം നിലനിർത്തുന്നതിന് പുകയില പോലെയുള്ള ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം അനുയോജ്യമല്ല. 1987 ലാണ് ഐക്യരാഷ്ട്രസഭ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം ആചരിക്കാൻ തുടങ്ങിയത്. ലഹരിപദാർത്ഥങ്ങളുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുക ആരോഗ്യപരമായ ഒരു സമൂഹം ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യംവെച്ചാണ് ഓരോ വർഷവും ഈ ദിനം ആചരിക്കുന്നത്. ഏകദേശം ഓരോ മിനിറ്റിലും ലോകത്താകമാനം രണ്ടുപേരുടെ ജീവനെടുക്കുന്ന വിഷമാണ് പുകയില. 7000 ത്തോളം രാസവസ്തുക്കൾ അടങ്ങിയിട്ടുള്ള പുകയിലയിൽ ക്യാൻസർ വരുത്തുന്ന ജന്യഘടകങ്ങളുടെ അളവ് 69 ഓളം ആണ്. പുകയില കൊണ്ടുള്ള സിഗരറ്റുകളുടെ അമിതമായ ഉപയോഗം രക്തക്കുഴലുകളെ ചുരുക്കി സ്ട്രോക്കുകൾക്ക് കാരണമാകുന്നു. ഒരിക്കൽ അടിമപ്പെട്ടു കഴിഞ്ഞാൽ പിന്നെ കരകയറാൻ വളരെ പ്രയാസകരമായ ഒന്നാണ് ലഹരിമരുന്ന് ഉപയോഗം.

പുകയില അതുപയോഗിക്കുന്ന വ്യക്തിയെ മാത്രമല്ല അയാളുടെ സമീപത്തുള്ളവരെയും ബാധിക്കും. ഇന്നിന്റെ സമൂഹത്തിൽ ലഹരിമരുന്നുകളുടെ വ്യാപകമായ ഉപയോഗം കുട്ടികൾക്കിടയിൽ വർദ്ധിച്ചുവരികയാണ്. നാം ഒന്ന് മനസ്സിലാക്കണം ഇന്നിന്റെ കൗമാര നാളെയുടെ വാഗ്ദാനം. നാളത്തെ ഭാരതം അവരുടെ കരങ്ങളിലാണ്. പക്ഷേ ലഹരിയുടെ പിന്നാലെ കൊതിക്കുന്ന ഈ സമൂഹത്തിൽ നിന്ന് എപ്രകാരമാണ് കുട്ടികൾക്ക് മുന്നേറാൻ കഴിയുന്നത്. സ്കൂൾ പരിസരങ്ങളിലും കോളേജ് കേന്ദ്രീകരിച്ചും ആണ് ഇന്ന് ലഹരി മാഫിയകൾ അവ വിതരണം ചെയ്യുന്നത്. തുടക്കത്തിൽ സൗജന്യമായി വിതരണം ചെയ്യുമ്പോൾ കുട്ടികൾ അതിന് അടിമപ്പെടുകയും തുടർന്ന് അതില്ലാതെ ജീവിക്കാൻ കഴിയില്ല എന്ന നിലയിലേക്ക് എത്തുകയും ചെയ്യുന്നു. അതിന്റെ ഉപയോഗത്താൽ വിദ്യാഭ്യാസപരമായും മാനസിക പരമായും തകർച്ചകൾ ഉണ്ടാവുക മാത്രമല്ല അതിനുവേണ്ടി കുറ്റകൃത്യങ്ങൾ ചെയ്യാൻ പോലും ഉതകുന്ന മനക്കരുത്ത് ഉടലെടുക്കുകയും ചെയ്യുന്നു. കേരളത്തിലെ കൗമാരക്കാരിൽ ലഹരിപദാർഥങ്ങളുടെ ഉപയോഗം വളരെ വലുതാണ്. പലതരത്തിലുള്ള കുറ്റകൃത്യങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം സ്ഥിരീകരിക്കപ്പെടുമ്പോൾ മാനവ ജനത ഒന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു, ഭാരതമിന്ന് പുകയില ഉൽപന്നങ്ങളുടെ ഉപയോഗത്തിന് ഒന്നാം സ്ഥാനത്തേക്കാണ് നീങ്ങുന്നത് എന്ന്. മയക്കമരുന്നിന്റെ ഭാരതമെന്ന് ഒരിക്കൽ നാം അറിയപ്പെടേണ്ടിവരുന്ന ഒരു സാഹചര്യത്തിനു മുമ്പ് നമുക്ക് കൈകോർക്കാം, കണ്ണീരൊപ്പാം. ലഹരി ഉപയോഗങ്ങൾ കാരണം തകർന്നുപോയ ജീവിതങ്ങളുടെ, കുറെയേറെ കുടുംബങ്ങളുടെ.....

പുകവലി വിരുദ്ധമായി നിരവധി ബോധവൽക്കരണ ക്ലാസ്സുകളും നോട്ടീസുകളും എല്ലാം നടത്തുന്നുവെങ്കിൽ പോലും അതിന്റെയെല്ലാം മറവിലായി ഇന്നും നമ്മുടെ സമൂഹത്തിൽ അവയുടെ ഉപയോഗം യാതൊരു കുറവുമില്ലാതെ വർദ്ധിച്ചുവരികയാണ്. ഈ അളവ്കവിഞ്ഞ വർദ്ധനവ് കുടുംബത്തിന്റെ തകർച്ച, ആരോഗ്യപ്രശ്നങ്ങൾ, ശിശുമരണം തുടങ്ങി നിരവധി സാമൂഹിക പ്രശ്നങ്ങൾക്കും വർദ്ധനവാണ് ഉണ്ടാക്കി ത്തീർക്കുന്നത്. നാം ജീവിക്കുന്ന സമൂഹത്തിന്റെ അടിത്തറ നഷ്ടപ്പെടുമ്പോൾ നാമൊന്ന് പ്രതികരിക്കണം. തെരുവിൽ സ്ത്രീ പീഡിപ്പിക്കപ്പെടുന്നുണ്ടെങ്കിൽ അതിക്രമങ്ങൾ വർധിക്കുന്നുണ്ടെങ്കിൽ അതിന്റെ നൂറിൽ 90% കാരണവും പുകവലി, മയക്കമരുന്നുകൾ തുടങ്ങിയ മാരകമായ വിഷങ്ങൾ തന്നെയാണ്.

ലോക ആരോഗ്യ സംഘടന മെയ് 31 നാണ് പുകവലി വിരുദ്ധ ദിനമായി ആചരിക്കുന്നത്. ഭാരതത്തിന്റെ വളർച്ചയെ തടസ്സപ്പെടുത്തുന്ന പുകയിലക്കെതിരെ ശബ്ദമുയർത്താനും പ്രതികരിക്കാനും ഭാരതീയ പൗരനെന്ന നിലയിൽ നമുക്കും പൂർണമായ അവകാശമുണ്ട്. നമുക്ക് ശബ്ദമുയർത്താം, ഒരു പുതിയ ഭാരതത്തിനായി.

ദീപിക ബി

**IX B**

# CLUB CONVENERS



Suja Varghese

Eng.Club



Binu A

Science club



Physical education &

Health club



Jayasree S

Maths



Lily Fernandez

Thalir



Irene D John
Eco club & Kite Mistress



Bency T
Midday Meal &
Kite Mistress



Shaji K
Scout



Geetha N
Guides

## പുതിയ കാഴ്ചകൾ

## മരണംമായ് തീരുന്നു

ആദ്യം ഇടിയും മഴയും കാറ്റും
പിന്നെ ഇടതൂർന്ന നെഞ്ചിലെ ഇവിളക്കും
അതിനാൽ കൊളുത്തിവച്ച അഞ്ചു-
തിരി പോലെ നെഞ്ചിലെരിയുന്ന രാത്രിയാണ്

രാത്രിയുടെ ശോഭയെ കാണാൻ
കഴിയാത്ത ഭീകരത മാറി ഒളിച്ചിരുന്നു
തുലാവർഷ കൊല്ലത്തെ ഇടയും വർഷവും
ജീവിതം  നെന്നെപഠിപ്പിച്ചിട്ടും

തീപോലെരിയുന്ന വേനലിൽ കാലത്ത്
ഒരു തുള്ളി വെള്ളവും ബാക്കിയില്ല
എങ്കിലും നമ്മൾ വർഷകാലത്ത് ജലം
സംഭരിക്കാൻ ഇടം നൽകിയില്ല

കുന്നുകൾ മാറ്റി മാളിക ആക്കിയാൽ
മരണവും പിന്നിലുണ്ടെന്ന് സത്യം
ഒരു തിരിനാളമായ് ഓർത്തു വച്ചാൽ
ജീവിതം സഫലമായി തീരുമെന്ന്

നമ്മളെപ്പോലെ മറ്റുള്ളവർക്കെല്ലാം

ജാതിമതഭേദം ഉണ്ട്പോലും

അറിവില്ലാത്തവരെയും അറിവുള്ളവർ ആക്കി

യാൽ ജീവിതം എന്ന മഹാ തത്വവും എന്നമീ ഈ

ഭ്രമിയിൽ നിലകൊള്ളും

**ആര്യ എ**

**IX B**

## പഴഞ്ചൊല്ലുകൾ

കാരസ്കരത്തിൻ കുരു പാലിലിട്ടാൽ
കാലാന്തരേ കൈപ്പു ശമിപ്പതുണ്ടോ?

ബന്ധുരകാഞ്ചന കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ

ഒത്തുപിടിച്ചാൽ മലയും പോരും.

നിറകുടം തുളുമ്പില്ല.

സമ്പത്ത് കാലത്ത് തൈ പത്ത് വച്ചാൽ
ആപത്ത് കാലത്ത് കാ പത്ത് തിന്നാം

അണ്ണാറക്കണ്ണനും തന്നാലായത്.

കാക്ക കുളിച്ചാൽ കൊക്കാകുമോ?.

മിന്നുന്നതെല്ലാം പൊന്നല്ല.

ഒരുമയുണ്ടെങ്കിൽ ഉലക്കമേലും .

വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
വേണ്ടെങ്കിൽ ചക്ക കൊമ്പത്തും കായ്ക്കില

എല്ലുമുറിയെ പണി ചെയ്താൽ പല്ലുമുറിയെ തിന്നാം.

മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും കല്ലിനുമുണ്ടൊരു സൗരഭ്യം.

ബന്ധുരകാഞ്ചന കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ

അൽപ്പന് ഐശ്വര്യം വന്നാൽ അർധരാത്രിക്കും കുടപിടിക്കും.

കുരക്കും പട്ടി കടിക്കില്ല.

കിട്ടാത്ത മുന്തിരി പുളിക്കും.

ഇരുന്നിട്ടേ കാൽ നീട്ടാവൂ.

കാക്കയ്ക്കും തൻ കുഞ്ഞ് പൊൻകുഞ്ഞ്.

വടി കൊടുത്ത് അടി വാങ്ങുക.

പിടിച്ചതുമില്ല കടിച്ചതുമില്ല.

മത്തൻ കുത്തിയാൽ കുമ്പളം മുളക്കില്ല.

മൂത്തോർ ചൊല്ലും മുതുനെല്ലിക്ക ആദ്യം കയ്ക്കും പിന്നെ മധുരിക്കും.

കാണം വിറ്റും ഓണം ഉണ്ണണം.

ഓണം വന്നാലും ഉണ്ണിപിറന്നാലും കോരന് കുമ്പിളിൽ കഞ്ഞി.

കാണം വിറ്റാലും വരമ്പ് വിൽക്കരുത്.

കാണം വിറ്റാലും മാനം വിൽക്കരുത്.

മുറ്റത്തെ മുല്ലയ്ക്ക് മണമില്ല.

കൊല്ലം കണ്ടവന് ഇല്ലം വേണ്ട.

ഉള്ളതു കൊണ്ട് ഓണം പോലെ.

ആറ്റിൽ കളഞ്ഞാലും അളന്ന് കളയണം.

കുരക്കും പട്ടി കടിക്കില്ല.

ആരാന്റമ്മയ്ക്ക് ഭ്രാന്തുപിടിച്ചാൽ കാണാൻ നല്ല ചേല്.

സമ്പത്ത് കാലത്ത് തൈ പത്ത് വച്ചാൽ ആപത്ത് കാലത്ത് കാപത്ത് തിന്നാം.

ഇക്കരെ നിക്കുമ്പോൾ അക്കരെപ്പച്ച.

കൊച്ചി കണ്ടവന് അച്ചി വേണ്ട.

കുംഭത്തിൽ നട്ടാൽ കുടത്തോളം.

മീനത്തിൽ നട്ടാൽ മീൻ കണ്ണിനോളം.

**നനഞ്ഞിടം കുഴിക്കുക.**

# OUR TEACHING STAFF



# ആസ്വാദനത്തിലെ വൈവിധ്യം

ഞാൻ ഒരു ഞായറാഴ്ച അമ്പലത്തിലേക്ക് പോയി മനോഹരമായ വയലിലൂടെ ആണ് അമ്പലത്തിലേക്ക് പോയത് രാവിലെ ആയതിനാൽ കിളികളുടെ മധുരഗാനം കേൾക്കാം എല്ലായിടവും മഞ്ഞുകൊണ്ട് മൂടപ്പെട്ടിരിക്കുന്നു. ഇളം കുളിർത്ത കാറ്റിൽ തെങ്ങോലകൾ മയിൽപീലി നിവർത്തി മയിൽ നൃത്തം ചെയ്യുന്നത് പോലെ ആടി ഉല്ലസിക്കുന്ന മരുഭൂമിയെ പോലെ ദൂരേക്ക് വ്യാപിച്ച കിടക്കുന്ന വയൽ അങ്ങുദൂരെ മരങ്ങൾ തിങ്ങി നിൽക്കുന്നു. അവ പ്രകൃതിയുടെ നിറമായ പച്ച നിറത്തിന് വിശുദ്ധി ആയിമാറുന്ന വെള്ളത്തിൽ മീനുകൾ കൂട്ടംകൂട്ടമായി വെള്ളത്തിൻറെ ശാന്തമായ ഒഴുക്കിലൂടെ പോകുന്നു. ഇന്ന് നിന്ന് നോക്കുമ്പോൾ ദൂരെയുള്ള ആകാശം നീലകൊടി പോലെ തോന്നുന്നു. അവ ആകാശത്തെ സുന്ദരിയാക്കുന്നു. വേലിക്കരികിൽ ഉള്ള ചെടികളിലെ പൂക്കളിൽ സുന്ദരികളായ പൂമ്പാറ്റകളും കിളികളും അവയെ ചുംബിക്കാൻ എത്തി. അതിൻറെ സന്തോഷത്തിൽ പൂക്കൾ കാറ്റിൽ തലയാട്ടുന്ന ദൂരെയുള്ള കുന്നിൽ പച്ചപാവാട വിരിച്ചതുപോലെ തോന്നുന്നു. ആ കുന്നുകൾ നീലിമയാർന്ന ആകാശവുമായി കെട്ടി പിടിച്ച നിൽക്കുന്നത് പോലെ തോന്നുന്ന എങ്ങും നിശബ്ദത പെട്ടെന്ന് വെള്ളത്തിൻറെ കളകളനാദം ഉണ്ടായ താളാത്മകമായി ഒഴുകുന്ന അമ്പലത്തിലെ ചന്ദനത്തിരിയുടെ സുഗന്ധവുമായി ഇളംതെന്നൽ കാറ്റ് കടന്നുപോയി. കുറച്ച മുമ്പോട്ട് ഞാൻ നടന്ന അപ്പോൾ സൂര്യൻറെ കുഞ്ഞ് ഉദയകിരണങ്ങൾ അവിടുത്തെ സർവ്വചരാചരങ്ങളിലും ദൈവം അവയെ അനുഗ്രഹിക്കുന്നത് പോലെ വന്നു പതിച്ച അപ്പോൾ അവ കൂടുതൽ ശോഭിക്കാൻ തുടങ്ങി. നേരത്തെ ഉണ്ടായിരുന്ന മഞ്ഞുകണങ്ങൾ എല്ലാം എവിടെയോ പോയൊളിച്ചു. വരമ്പിലെ അടുത്തുനിന്ന് ചെറിയ പുൽനാമ്പുകളിൽ ഉണ്ടായിരുന്ന ഒരു കുഞ്ഞു മഴത്തുള്ളിയിൽ സൂര്യകിരണങ്ങൾ വന്ന പതിച്ചപ്പോൾ മഴവില്ലിനെ പോലെ ശോഭിക്കാൻ തുടങ്ങി. അതിനെ കണ്ടാൽ രത്നകിരീടം വെച്ച ഒരു കുഞ്ഞു രാജകുമാരിയെ പോലെ തോന്നും. കുറച്ച് നടന്നപ്പോൾ ഒരു കുറ്റിച്ചെടിയിൽ തത്തകൾ വന്നിരിക്കുന്നു. പ്രകൃതിയുടെ വരദാന നിറമായ പച്ചയും ചുവപ്പും നിറമുള്ള മനോഹരമായ തത്തകൾ. അവയുടെ അടുത്തെത്തിയതും അവ പറന്ന് തെങ്ങോലകളിൽ പോയിരുന്നു. പ്രകൃതി സൗന്ദര്യത്തിൽ ഞാൻ ലയിച്ച പോയി ഇവയെല്ലാം ആസ്വദിച്ച് ആസ്വദിച്ച ഞാൻ അമ്പലത്തിൽ എത്തി.

**ലക്ഷ്മി എസ്സ്**

# NON TEACHING STAFF



Manu V Kurup



Saliny



Sukesini

# SRG CONVENERS



Bilu Tr.



Lily Fernandez

# അനാഥ ബാലിക

അമ്മയില്ലാത്ത ഈ കണ്ണുനീർപോലും
അച്ഛൻ ഉള്ളപ്പോൾ ഓർത്തിരുന്നില്ല
അച്ഛനെന്ന അരികത്തു നിന്നു പോയ കാലം
എൻറെ ഈ ജീവിതം ബാക്കിയായി

ഒരു തുള്ളി കണ്ണുനീർ  ചൂട് രക്തമായി
ഇറ്റിറ്റു വീഴുന്ന കാഴ്ച കാണാൻ
എല്ലാമനുഷ്യരും  വീതിൽ  തൻനിൽപ്പ്
പാലിച്ച് ഇടുന്നത്  സത്യമല്ലോ?

ഈറനണിഞ്ഞ എൻ കണ്ണുകളിൽ
പോലും ജീവൻ തുടിപ്പുകൾ മാത്രമായി
അച്ഛനെ കാണുന്ന രാവിൽ പലതിങ്ങു
ചിന്തയിൽ മാത്രമായി ബാക്കിയുണ്ട്

അമ്മയെന്നരികത്ത്
തൊട്ടു തലോടിയ കഴിവിൽ
പോലും ബാക്കിയില്ല.

നാളെയെൻ ഇല്ലാത്ത ജീവിതം ുകി ഞാൻ
ദുഃഖങ്ങൾ പേറി നടപ്പ് ഉണ്ട്
ഇപ്പോഴും എപ്പോഴും കൂടെ തണലായി ജീവിതം പങ്കിടാൻ ആരുമില്ല.

മരണത്തിനായി പിടചൊല്ലി നിൽക്കുന്ന

ആളുകളെ പോലെ ഞാനുമുണ്ട്

എങ്കിലുമെൻ വിധി പോലെ മറ്റാർക്കും

കൊടുക്കല്ലേ ദൈവമേ ഈശ്വരനെ.

**ആര്യ എ**

## നിറക്കൂട്ട്



അജിത്ത് വി

VIII A





അജിത്ത് വി

VIII A



# കടങ്കഥ

കണ്ടാലെന്തൊരു പൂത്തളിക
കാര്യം കൊണ്ടൊരു തീത്തളിക

- സൂര്യൻ

അക്കരവിളയിൽ തെക്കേത്തൊടിയിൽ
ചക്കരകൊണ്ടൊരു ളുണ്
ളുണിനകത്തൊരു പോട്
പോടിനകത്തൊരു നൂല്
നൂല് വലിച്ചാൽ തേന്

-തെച്ചിപ്പൂവ്

പച്ചപ്പലകക്കൊട്ടാരത്തിൽ
പത്തും നൂറും കൊട്ടത്തേങ്ങ

-പപ്പായ

ഇത്തിരിയുള്ളൊരു കിച്ചാണ്ടി
വയറുപിളർന്നു കിടപ്പാണ്ടി

-പുഴുങ്ങിയ നെല്ല്

കൊക്കിരിക്കും കുളം വറ്റി വറ്റി

-വിളക്ക്

ആന കേറാമല ആട് കേറാമല ആയിരം കാന്താരി പൂത്തിറഹ്ങ്ങി

-നക്ഷത്രം

ഉള്ളിലിരുന്നു നോക്കും കണ്ടതെല്ലാം ഉള്ളിലാക്കും

-ക്യാമറ

അകത്തു തിരിതെറുത്തു പുറത്ത് മുട്ടയിട്ടു

-കുരുമുളക്

അടയുടെ ഉള്ളിൽ പെരുമ്പട

-തേനീച്ചക്കൂട്

അടുപ്പിൻ തിണ്ണേലമ്മായിയമ്മ

-പൂച്ച

കക്കാത്തോട്ടിലെ മീനിന് എല്ലില്ല

- നാക്ക്

വാലില്ലാത്തമ്മയ്ക്ക് വാലുള്ള മക്കൾ

-തവള

തലയില്ല കണ്ണുണ്ട്,വയറൊരു പത്തായം

-ഞണ്ട്


കയറുകൊണ്ടു ചെന്നപ്പോ കഴുത്തില്ല കെട്ടാൻ

-ആമ

അടയ്ക്കും തുറക്കും കിങ്ങിണിപ്പത്തായം

-കണ്ണ്

# പരിസ്ഥിതി ക്ലബ്ബ് ഉസ്ഘാടനം






# <u>സ്വാതന്ത്ര്യദിനാഘോഷം</u>



# SPC STUDENTS



# MY WORLD

the school is my world
The school teach me the
life of a good person
It is my world.

The greatest of all
is the school
The parents gives as
the great gift to me
it is my school
The childish memories
exited on the school

My school teach that
school is not for thought
It is for thought fullness
citizenship, humanity, kindness
the parents had trust towards,
My world I trust for my school

Thanusree. S
VIII. B

# കലോത്സവങ്ങളിലൂടെ






# ലിറ്റിൽ കൈറ്റ്സ് സ്റ്റുഡന്റ്സ്



# സമർപ്പണം

## ലിറ്റിൽ കൈറ്റ്സ് സ്റ്റുഡന്റ്സ്

## ഗവ. എച്ച് എസ്സ് എസ്സ് വെസ്റ്റ്കല്ലട – 2018


GOVERNMENT OF KERALA
DEPARTMENT OF GENERAL EDUCATION

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION [KITE]

Certificate of Registration

REGISTRATION No. LK/2018/39001

*This is to certify and grant approval to*

39001 - GOVT.H.S.S WEST KALLADA, Kottarakkara (DEO)

*of* Kollam *District as a unit of* LITTLE KITEs.

15.05.2018

Office Seal

ANVAR SADATH. K
Vice Chairman & Executive Director